## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,

ഉത്തരവ് നം. PDMC-3/6395/2013 തിയതി: 12-3-2013

---

വിഷയം:- സാ.നീ.വ. - PDMC - ഗവ. ഒബ്സർവേഷൻ ഹോം & സ്പെഷ്യൽ ചിൽഡ്രൻസ് ഹോം, വയനാട് - കുട്ടികൾക്ക് ട്യൂഷൻ നൽകുന്നത് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- വയനാട് ഗവ. ഒബ്സർവേഷൻ ഹോം സൂപ്രണ്ടിന്റെ 18-1-2013-ലെ 04/OHW/2012 നമ്പർ കത്ത്.

വയനാട് ഗവൺമെന്റ് ഒബ്സർവേഷൻ ഹോമിലെ 1 മുതൽ 8 വരെ ക്ളാസ്സുകളിൽ പഠിക്കുന്ന 12 കുട്ടികൾക്ക് 2013 ജനുവരി മുതൽ ഇംഗ്ളീഷ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് ട്യൂഷൻ നൽകി വരുന്നുണ്ടെന്നും, മാസം 2,500/- രൂപ നിരക്കിൽ ആഴ്ചയിൽ 5 ദിവസം ഒരു മണിക്കൂർ വീതമാണ് ട്യൂഷൻ ഏർപ്പാടാക്കിയിരിക്കുന്നതെന്നും, ആയതിന് അംഗീകാരവും, 2013 ജനുവരി മുതൽ 2013 മാർച്ച്വരെയുള്ള മൂന്ന് മാസത്തേയ്ക്ക് 7,500/- രൂപ ഫണ്ടും അനുവദിക്കണമെന്നും സൂചന പ്രകാരം സ്ഥാപന സൂപ്രണ്ട് അഭ്യർത്ഥിച്ചരിക്കുന്നു.

പഠനത്തിൽ നിലവാരം കുറഞ്ഞ കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതിന്റെ ഫലമായി ഉയർന്ന മാർക്കോടെ വിജയം കരസ്ഥമാക്കുവാൻ കഴിയുമെന്നതിനാൽ ആവശ്യപ്പെട്ട തുകയായ 7,500/- രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപാ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ടി തുക 2011-12 സാമ്പത്തിക വർഷം കേന്ദ്രം ICPS സ്കീമിൽ അനുവദിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ TSB 14907-10 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതിൽ ഇൻസ്റ്റിറ്റ്യൂഷണൽ മെയിന്റനൻസിന് വകയിരുത്തിയിട്ടുള്ളതിൽ നിന്നും വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രസ്തുത തുക സ്ഥാപന സൂപ്രണ്ടിന് മാറി നൽകേണ്ടതാണ്.

ട്യൂഷൻ നൽകിയതിന് ശേഷം കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ടോ എന്ന റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വൗച്ചറുകൾ എന്നിവ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് നൽകേണ്ടതാണ്.

ഒപ്പ്,
സാമൂഹ്യനീതി ഡയറക്ടർ.

ജില്ലാ സാമൂഹ്യനീതി ഓഫീസർ
വയനാട്.

പകർപ്പ്:- 1. സൂപ്രണ്ട്, ഗവ. ഒബ്സർവേഷൻ ഹോം, വയനാട്.
2. സ്റ്റോക്ക്ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്.

03357